# GOVERNMENT HIGH SCHOOL
# NEDUMROM

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിയ്ക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് ഒരു വ്യക്തിയുടെ സർവ്വതോന്മുഖമായ വികസനം സാധ്യമാക്കി സാമൂഹിക പുരോഗതി നേടുക; അതാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. അതിനായി പൊതുവിദ്യാഭ്യാസ വകുപ്പും സർക്കാരും സംയുക്തമായി നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിദ്യാലയങ്ങളിൽ നയ്യാറാക്കുന്ന രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ അക്കാദമിക നിലവാരവും ഗുണമേന്മയും വർദ്ധിപ്പിക്കാനായി സംസ്ഥാന സർക്കാർ നടപ്പിലിക്കുന്ന ഒരു പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മ പദ്ധതി. ഇതിന്റെ ഭാഗമായി ഈ അക്കാദമിക വർഷത്തോടെ എല്ലാ ക്ലാസ്സുകളിലും പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണയ രീതികളുടെ പരിഷ്കാരവും സാങ്കേതിക വിദ്യ സൗഹൃദ ക്ലാസ്സുറികളും തുല്യതയിൽ ഊന്നിയുള്ള വിദ്യാഭ്യാസവും മറ്റും സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

ഈ അക്കാദമിക വർഷം തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാനിൽ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ലക്ഷ്യങ്ങൾ ഉൾച്ചേർത്തിരിക്കുന്നു സ്കൂളിലെ ഓരോ വിദ്യാർത്ഥിയുടേയും സമഗ്ര വികസനത്തിന് ആവശ്യമായ അക്കാദമിക പിന്തുണയോടൊപ്പ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും പരിഗണിച്ചാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ 27/05, 04/06 തീയതികളിലെ SRG കളിലും 27/05 ലെ പി റ്റി എ എക്സിക്യൂട്ടീവിലും നടന്നു.

2024-25 അക്കാദമിക വർഷത്തെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന പല പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിനും മറ്റുള്ളവ പൂർത്തീകരണ പാതയിലുമാണ് അവയിൽ ചിലത് താഴെ ചേർക്കുന്നു.

LP വിഭാഗം പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചു മാറ്റി പകരം പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു.

ഓഫീസ് കെട്ടിടത്തിന്റെ മുകൾനിലയിലെ ഹാൾ നവീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക ഉപയോഗിച്ച് ഹാൾ നവീകരിക്കുന്നതിനും UP വിഭാഗം ക്ലാസ്സുകൾ അവിടെ ക്രമീകരിക്കുന്നതിനു കഴിഞ്ഞു.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പതിനഞ്ച് വീതം Bench, Desk എന്നിവ ലഭിച്ചു. ഇത് LP വിഭാഗം കുട്ടികൾക്കായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞു.

കുട്ടികളുടെ കലാവാസനയും കായിക ശേഷിയും വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെള്ളിയാഴ്ച തോറും നൃത്താധ്യാപികയുടെയും കായികാധ്യാപകന്റെയും സേവനം ഉറപ്പാക്കുന്നതിന് കഴിഞ്ഞു.

കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിലായ BPL വിഭാഗം കുട്ടികൾക്ക് Uniform വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭിച്ചിരുന്നില്ല. ആ കുറവ് പരിഹരിക്കുന്നതിനായി അധ്യാപകർ, മുൻ അധ്യാപകർ, അനധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സഹകരത്തോടെ ഫണ്ട് കണ്ടെത്തി ഒരു ജോഡി Uniform കുട്ടികൾക്ക് സൗജന്യമായി നൽകുകയും അതിനോടൊപ്പം ബുധനാഴ്ച ദിവസങ്ങളിൽ ധരിക്കുന്നതിനായി Special uniform നൽകുയും ചെയ്യുന്നതിന് കഴിഞ്ഞു.

കഴിഞ്ഞ SSLC പരീക്ഷയിൽ 100% വിജയം നേടുന്നതിനും SSLC വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും കഴിഞ്ഞു

USS LSS വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകി

SSLC വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മുന്നേറ്റം പദ്ധതി നടപ്പിലാക്കി

ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രവർത്തനം താഴെ ചേർക്കുന്നു

പുരോഗമിച്ചു കൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിന് PTA യുടെ സഹായം തേടുക

പുതിയ കെട്ടിടം പൂർത്തിയാക്കി Electrification ,Flooring തുടങ്ങിയവയ്ക്ക് ഫണ്ട് കണ്ടെത്തുന്നതിന് ജനപ്രതിനിധികളുടെ സഹായം തേടുക

UP വിഭാഗം കെട്ടിടം അറ്റകുറ്റപ്പണികൾക്കായി അടച്ചിട്ടിരിക്കുന്നു. ഇതിന്റെ മേൽക്കൂര പുനർനിർമ്മിക്കുന്നതിനുമായി ജില്ലാ പഞ്ചായത്തിൽ നിന്നും ഒൻപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു. ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ക്ലാസ്സ് മുറികൾ സജ്ജീകരിക്കേണ്ടതുണ്ട്.

Pre primary കെട്ടിടം മേൽക്കൂര പുനർ നിർമ്മിക്കുന്നതിനായി അടച്ചിട്ടിരിക്കുന്നു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഫണ്ട് അനുവദിച്ചതായി അറിയുന്നു. ഇതിന്റെ ടെണ്ടർ ഉൾപ്പെടെയുള്ള മറ്റ നടപടികൾക്കായി PTA യുടെ സഹകരണത്തോടെ സമ്മർദ്ദം നടത്തേണ്ടതുണ്ട്

കുട്ടികളുടെ Cycle സുരക്ഷിതായി വയ്ക്കുന്നതിനുള്ള cycle shed നിലവിൽ നമ്മുടെ വിദ്യാലയത്തിൽ ഇല്ല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം തേടുക

LP വിഭാഗത്തിനുള്ള പുതിയ കെട്ടിടത്തിന്റെ പണികൾ പൂർത്തിയാവുന്നതിനോടൊപ്പം ക്ലാസ്സ് മുറികൾ കളിലേക്ക് ആവശ്യമായ Bench, Desk,Table,Chair, whiteboard,Almirah എന്നിവയും ആവശ്യമുണ്ട്.

കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന് കളിസ്ഥലം അത്യാവശ്യമാണ്. നമ്മുടെ വിദ്യാലയത്തിലെ പരിമിതമായ സാഹചര്യത്തിൽ കുട്ടികൾക്ക് കളിക്കുന്നതിന് സൗകര്യമില്ല. അതിനായി PTA യുടെ സഹായം തേടുക

പാചകപ്പുരയും സ്കൂൾ കെട്ടിടവും പെയിന്റ് ചെയ്ത് മനോഹരമാക്കുക

സ്കൂൾ സുരക്ഷ ഉറപ്പാക്കുന്നതിന് CCTV Camera സ്ഥാപിക്കുന്നതിനായി പൂർവ്വ വിദ്യാർത്ഥികളുടെയും പൂർവ്വ അധ്യാപകരുടെയും സഹായം തേടുന്നതിന് PTA യെ ചുമതലപ്പെടുത്തേണ്ടതാണ്

**Standard 1**

ഭാഷ...ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം, എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, ശിൽപ്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം തുടങ്ങിയ വിവിധ മേഖലകളിൽ കൂടിയാണ് കുട്ടി കൈവരിക്കേണ്ടത്. ഇതോടൊപ്പം തന്നെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കേണ്ടതിന് ആവശ്യമായ ഇടപെടലുകൾ ലക്ഷ്യമിട്ടിട്ടുണ്ട്.

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുകയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുകയും ചെയ്യുന്നു. രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, ലളിതമായ വായനക്കാർഡുകളുടെ നിർമ്മാണം, അവയുടെ വായന എന്നിവയും ലക്ഷ്യമിടുന്നു. ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ കവിതകൾ ചെറുകഥകൾ എന്നിവ എഴുതുകയും വായിക്കുകയും ചെയ്യാൻ ലക്ഷ്യമിടുന്നു രക്ഷിതാവിന്റെയും അധ്യാപകന്റെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ഗണിതം... ഭാഷയിലും ശാസ്ത്രത്തിലും മറ്റ ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതിരിക്കാൻ വേണ്ടി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങളിലൂടെ ഗണിതം രസകരമാക്കാവുന്നതാണ്.

മൂർത്തങ്ങളായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്രിയകൾ ചെയ്യുക വഴി കുട്ടികൾക്ക് ലളിതം രസകരമാക്കുകയാണ് ചെയ്യുക. നിത്യജീവിതവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും ഗണിതത്തെ രസകരമാക്കുന്നു. സംഖ്യകൾ എണ്ണുക, എഴുതുക, വ്യാഖ്യാനിക്കുക, ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുക, സങ്കലനം, വ്യവകലനം ഇവയെല്ലാം ലക്ഷ്യമിട്ട് ഉള്ളതാണ് ഒന്നാം ക്ലാസിലെ ഗണിത പ്രവർത്തനങ്ങൾ. കൂടാതെ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ, കൂടുതൽ, കുറവ്, സംഖ്യാ ഗാനങ്ങൾ ആലപിക്കൽ എന്നിവയും ലക്ഷ്യമിട്ടിട്ടുണ്ട്.

**Standard 2**

മലയാളം

ലക്ഷ്യങ്ങൾ

തെറ്റില്ലാതെ എഴുതിയും പറഞ്ഞു ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക.

ചിത്രം ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം,കഥ എന്നിവ തയാറാക്കുക.

ജൂൺ

പ്രവർത്തനങ്ങൾ

ചിത്രവും പദവും ഉൾക്കൊണ്ട കാർഡ് നൽകൽ

വായനാസാമഗ്രികൾ നിർമ്മിക്കൽ .

വായനാ സാമഗ്രികൾ നിർമ്മിക്കൽ.

ജൂലൈ

ICT സാധ്യത ഉറപ്പാക്കുന്ന പ്രവർതനങ്ങൾ

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സ്ഥ ഉറപ്പിക്കുന്നു.

ആഗസ്റ്റ്

ചിത്ര വിവരണം, വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

ഗണിതം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

ജൂൺ

പാറ്റേണുകളിലെ സഖ്യാബോധം കണ്ടെത്തൽ. ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ

തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

ഒരു കൂട്ടം വസ്തുക്കളോടെ അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ

തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കൽ.

ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ

കണ്ടെത്തൽ.

ഇംഗ്ലീഷ്

Aim
To Speak, Read and write English without any mistakes .
June and July
Reading Skills&writing skills.
News paper reading, library books reading, book review, reading breaking news, find words.
writing Skills.
Make word , Picture description, word chain , Sentence chain , make words etc.

**Standard 3**

മലയാളം

ലക്ഷ്യം

അനുയോജ്യമായ ഭാവം, ഒഴുക്ക്,അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ച

വതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.

പ്രവർത്തനം

ജൂൺ

പാഠപുസ്തകത്തിലെയും പഠനാനുഭവങ്ങൾക്ക് പൂര കമായതും ഭാവാത്മകമായ നക്കിണങ്ങുന്നതുമായ

പുസ്തകങ്ങളോ പുസ്തകഭാഗങ്ങളോ സ്കൂൾ ലൈബ്രറിയിൽ നിന്നും മറ്റും വേർതിരിച്ച് ക്രമികരിക്കൽ.

ജൂലൈ

കുട്ടിക്കൊരു പുസ്തക സമ്മാനം

ആഗസ്റ്റ്

പാഠപുസ്തക ഭാഗം ഭാവാത്മകമായി വായിച്ചു കേൾക്കാനവസരം.

കുട്ടികളുടെ പുസ്തകമേള.

പരിസര പഠനം

ലക്ഷ്യം

-> ശാസ്ത്രബോധം വളർത്തുക.

-> പ്രകൃതി വിഭവസംരക്ഷണം

പ്രവർത്തനം

ജൂൺ-ജൂലൈ

-> കണ്ടെത്താം അറിയാം - ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ

-> ജൈവ വൈവിധ്യ പാർക്ക് തടയണ. മഴക്കുഴി നിർമ്മാണം.

ആഗസ്റ്റ്

-> പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം

ഗണിതം

ലക്ഷ്യം

-> കുട്ടികളിൽ ഗണിതത്തോടുള്ള താൽപര്യവും ജിജ്ഞാസയും വളർത്തൽ.

ജൂൺ-ജൂലൈ

-> യൂണിറ്റ് 1-രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയതി

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.

തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിം ഗ്

ജൂലൈ - ആഗസ്റ്റ്

-> 1 മുതൽ 100 വരെ എഴുതിയ ടോക്കൺ നിർമ്മാണം,കളി നോട്ടുകൾ നിർമ്മാണം

അബാക്കസ് നിർമ്മാണം

## standard 4

ലക്ഷ്യം മുഴുവൻ വിദ്യാർത്ഥികൾക്കും ഭാഷയിൽ ആസാധ്യകരമായ പഠനം ഉറപ്പാക്കുക

ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കാം

പഠന സാമഗ്രികൾ ഒരു ക്കൽ ലൈബ്രറി ബാലസാഹിത്യകൃതികൾ ടെക്സ്റ്റ് ബുക്ക് പുസ്തക പരിചയം രചന

പരിചയക്കുറപ്പ് പാചകക്കുറിപ്പ് സർഗാത്മക ഡയറി അനുഭവക്കുറിപ്പ്... വർഷം മുഴുവൻ

ഇംഗ്ലീഷ് ഫലപ്രദമായി ഒട്ടും സങ്കോചമില്ലാതെ പൊതുയിടത്തിൽ വായിക്കാൻ കഴിവ് നേടുക വർഷം മുഴുവൻ

ആവശ്യമായ പഠനസാമഗ്രികൾ ഒരിക്കൽ വായന കളരി ടെക്സ്റ്റ് ബുക്ക് വായന റീഡിങ് കാർഡ്സ് ഐസിടി റീഡിങ് കാർഡ്സ് റീഡിങ് കോർണർ

**യു .പി   ഗണിതം**

## Standard 7

ലക്ഷ്യം: 1.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു.

2.സമാന്തര വരകൾ എന്ന ആശയം ഉറപ്പിക്കുന്നു.

പ്രവർത്തനം:-  ഗണിത കേളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

*നമ്പർ കാർഡ്

*ഫ്ലാഷ് കാർഡ്

*അബാക്കസ്

2.പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ കൂടാതെ സമാന്തരകൾ വരയ്ക്കുന്ന വിധം പ്രാക്ടീസ് ചെയ്യിക്കുന്നു

*സാമാന്തരികം നിശ്ചിത അളവിൽ നിർമ്മിക്കുന്നു.

കാലയളവ്:-ജൂൺ ജൂലൈ ആഗസ്റ്റ്

**ഗണിതം**

**വിഭാഗം UP**

**Standard 5,6**

1.ലക്ഷ്യം -

അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പിക്കുക

പ്രവർത്തനം

. സങ്കലനം, വ്യവകലനം, ഗണിതം, ഹരണം

കാലയളവ്

ജൂൺ

വിവിധ കളികളിലൂടെ ഉറപ്പിക്കുന്നു.

.നമ്പർ കാർഡ് അബാക്കസ് ഉപയോഗപ്പെടുത്തുന്നു.

കാലളവ്

1st term

2. ലക്ഷ്യം

ജ്യമിതിയുടെ അടിസ്ഥാന രീതികൾ പരിചയപ്പെടുത്തുന്നു.

പ്രവർത്തനം

.വിവിധ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം

. സ്കെയിൽ, പെൻസിൽ മട്ടം, കോൺ മാപിനി

.കോമ്പസ് ഉപയോഗം

കാലയളവ്

1st term

ചുമതല

ഗണിതാധ്യാപിക

**യു.പി. മലയാളം**

ലക്ഷ്യം:-ഭാഷയുടെ അടിസ്ഥാന ശേഷിയെ വികസനം ആശയസമേതം നടത്താനും വധസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.

*പ്രവർത്തനങ്ങൾ:

*എൻറെ അവധിക്കാലം കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു.

*അനുഭവക്കുറിപ്പ്

*കഥ,കവിത,യാത്രാനുഭവം.

2.അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ചൊല്ലി വരുത്തുന്നു.

3.പദക്കാറുകൾ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം ,വായന.

*കാലയളവ്

ജൂൺ ജൂലൈ ആഗസ്റ്റ്

**യുപി സോഷ്യൽ സയൻസ്**

ലക്ഷ്യം

സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ പരിശോധിക്കൽ നേടിയെടുക്കൽ

അന്തർദേശീയതലം മുതൽ ജില്ലാതരം വരെയുള്ള നദികൾ,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങിയവ ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഓർമ്മ പരിശോധന നടത്തുന്നു.

പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കൽ

വെർച്വൽ ഫീൽഡ് ട്രിപ്പ്

ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ പരിചയപ്പെടുത്തുന്നു.

ലക്ഷ്യം.

സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ

പ്രവർത്തനം

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും തിരഞ്ഞെടുക്കുക വായിക്കുക.

ലക്ഷ്യം

ഭൂപടത്തെ അറിയൽ

ലോകം, ഇന്ത്യ,കേരളം ഇവയുടെ ഭൂപടങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം,അയൽ രാജ്യങ്ങൾ, സമുദ്രങ്ങൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ ഇവ മനസ്സിലാക്കുന്നു.

കേരളത്തിലെ 14 ജില്ലകളുടെയും സ്ഥാനം മനസ്സിലാക്കുന്നു.

**അടിസ്ഥാന ശാസ്ത്രം - UP തലം**

1. ലക്ഷ്യം - പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

പ്രവർത്തനം -

Std 5, 6, 7 ലെ പാഠപുസ്തകങ്ങളിലെ വിവിധ പരീക്ഷണങ്ങൾ കൃത്യതയോടെ ചെയ്യുന്നു

കാലയളവ് -

ജൂൺ മുതൽ ഫെബ്രുവരി വരെ.

2. ലക്ഷ്യം -

ഉപകരണങ്ങൾ പരിചയപ്പെടൽ

പ്രവർത്തനം -

സയൻസ് ലാബ് സന്ദർശിച്ച് ലാബ് ഉപകരണങ്ങൾ പരിചയപ്പെടുന്നു

കാലയളവ് - ജൂൺ

3.ലക്ഷ്യം -

പരീക്ഷണക്കുറിപ്പ് സ്വന്തമായി എഴുതാൻ കഴിയുന്നു.

പ്രവർത്തനം -

a) Std5, 6, 7 ക്ലാസുകളിലെ വിവിധ പരീക്ഷണങ്ങൾ ചെയ്യുന്നു.

അവയുടെ രേഖപ്പെടുത്തൽ രീതി പരിചയപ്പെടുന്നു.

b) വിവിധ പരീക്ഷണങ്ങൾ ചെയ്ത് അവയുടെ പരീക്ഷണക്കുറിപ്പ് സ്വന്തമായി എഴുതുന്നു.

കാലയളവ് -

ജൂൺ മുതൽ ആഗസ്റ്റ്

ചുമതല – ശാസ്ത്രാധ്യാപിക

**യുപി ഇംഗ്ലീഷ്**

ലക്ഷ്യം

ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു.

പ്രവർത്തനം

ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം എഴുതാൻ പ്രോത്സാഹിപ്പിക്കുന്നു.

ഇംഗ്ലീഷ് വാർത്തകൾ കേൾപ്പിക്കുന്നു.

കാലം- ജൂൺ ജൂലൈ

ലക്ഷ്യം

ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു.

വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.

കാലം -ജൂലൈ

ലക്ഷ്യം

ഇംഗ്ലീഷ് എഴുതി പഠിക്കൽ

പ്രവർത്തനം

സൂചന ബോർഡുകൾ, പോസ്റ്ററുകൾ,നോട്ടീസുകൾ ഇവ സ്കൂളിൽ എഴുതി പ്രദർശിപ്പിക്കുന്നു.

**മലയാളം ഹൈസ്കൂൾ സെക്ഷൻ**

ലക്ഷ്യം.

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക

പ്രവർത്തനങ്ങൾ മറക്കാനാവാത്ത ഒരു ദിനം

കുട്ടികൾ അവരുടെ അനുഭവം വിവിധ വ്യവഹാരങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്നു.

അനുഭവക്കുറിപ്പ്, കത്ത്, ഡയറി,കഥ.

കാലം -ജൂൺ

ചുമതല

ഭാഷാധ്യാപകർ

ലക്ഷ്യം

എഴുത്ത്, വായന, ആശയവിനിമയശേഷി എന്നിവയിൽ മികവ് വളർത്തുക.

പ്രവർത്തനങ്ങൾ

ക്ലാസ്  വായനക്കൂട്ടം രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരിക്കൽ, വായനോത്സവം സംഘടിപ്പിക്കുക,പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിലെ വായന, ഇ -വായന.

കാലം

ജൂൺ -മാർച്ച്

ഭൗതികം

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലികങ്ങൾ, ഇന്റർനെറ്റ്,കമ്പ്യൂട്ടർ.

ചുമതല

പിടിഎ,അധ്യാപകർ

ലക്ഷ്യം

ആശയവിനിമയശേഷി വളർത്തുക,സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. പ്രവർത്തനങ്ങൾ

എഴുത്തുകൂട്ടം- വായനക്കൂട്ടം രൂപീകരണം,

പുസ്തകസ്വാദനം, സ്കൂൾ റേഡിയോ കൂടുതൽ സജീവമാക്കുക

കാലം

ജൂലൈ മാർച്ച്-

ഭൗതികം

പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ലൈബ്രറി.

ചുമതല

പിടിഎ, അധ്യാപകർ.

**മേഖല അക്കാദമികം**

**വിഷയം ഹിന്ദി**

പൊതുവായ ലക്ഷ്യങ്ങൾ

എല്ലാ കുട്ടികൾക്കും (std 5 to 10) ഹിന്ദി ഭാഷ എഴുതുന്നതിനും വായിക്കുന്നതിനു ആശയവിനിമയം നടത്തുന്നതിനും ഉള്ള കഴിവ് വളർത്തുക

കുട്ടികൾ ആർജ്ജിക്കേണ്ടതായ പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കുക

ലളിതവും രസകരവും ആകർഷകവും ആകുന്ന രീതിയിൽ അധ്യയന നടത്തുക

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക

**Std 5**

ലക്ഷ്യം - എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ഉറപ്പാക്കുന്നു.

പ്രവർത്തനം - അക്ഷര കാർഡ് നൽകുന്നു. അക്ഷരം തിരിച്ചറിയുന്നു. ഉച്ചാരണം ഉറപ്പാക്കുന്നു.

അക്ഷരമാല പ്രദർശിപ്പിക്കുന്നു. ചിഹ്നങ്ങൾ മനസ്സിലാക്കുന്നു അർത്ഥമുള്ള പദങ്ങൾ നിർമ്മിക്കുന്നു.

കാലം - ജൂൺ മുതൽ ഒക്ടോബർ വരെ

ലക്ഷ്യം चित्र पुस्तिका നിർമ്മിക്കുന്നു.

പ്രവർത്തനം - പാഠഭാഗവുമായി ബന്ധപ്പെട്ട പദങ്ങളും പുതിയ പദങ്ങളും ഉൾപ്പെടെ വിവിധ പദങ്ങളുടെ ചിത്രം ശേഖരിക്കുന്നു.

ശേഖരിച്ച പദങ്ങളുടെ

ഹിന്ദി നാമം കണ്ടെത്തുന്നു

ചിത്രം ഒട്ടിച്ചതിന് ശേഷം നാമം എഴുതുന്നു.

കാലം- നവംബർ - ഫെബ്രുവരി

**Std 6**

ലക്ഷ്യം - വായന കാർഡുകൾ നൽക നൽകി വായന പ്രോത്സാഹിപ്പിക്കുന്നു.

പ്രവർത്തനം - വാക്കുകൾ എഴുതിയ കാർഡുകൾ നൽകുന്നു. അർത്ഥം മനസ്സിലാക്കുന്നു വാക്കുകൾ ഉപയോഗിച്ച് ആശയം ഉള്ള വരികൾ നിർമ്മിക്കുന്നു. പദപ്രയോഗങ്ങളും വാക്യത്തിന്റെ ഘടനയും മനസ്സിലാക്കുന്നു. മാതൃഭാഷയിലെ വാക്യങ്ങൾ ഹിന്ദിയിൽ തർജ്ജമ ചെയ്യുന്നു.

കാലം - ജൂൺ - ഒക്ടോബർ

ലക്ഷ്യം- വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുന്നു.

പ്രവർത്തനം- വീട്ടിൽ ഉപയോഗിക്കുന്ന വിവിധ വസ്തുക്കളുടെ പേര് മാതൃഭാഷയിൽ എഴുതുന്നു അവയുടെ ഹിന്ദി പദം കണ്ടെത്തുന്നു. ഡിക്ഷണറി ഉപയോഗപ്പെടുത്തുന്നു.

പദങ്ങളുടെ പട്ടിക നിർമ്മിക്കുന്നു.

കാലം- നവംബർ - ഫെബ്രുവരി

**Std VII**

ലക്ഷ്യം - ആശയം ഗ്രഹിച്ചുള്ള വായനക്ക് പ്രാധാന്യം നൽകുന്നു.

പ്രവർത്തനം - ചിത്രകഥകൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് ശേഖരിച്ച് വായിക്കുന്നു

പുതിയ പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നു.

കഥയുടെ സാരാംശം എഴുതുന്നതിന് പ്രോത്സാഹിപ്പിക്കുന്നു.

കാലം - ജൂൺ- ഒക്ടോബർ

ലക്ഷ്യം- ആശയങ്ങൾ പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നു.

പ്രവർത്തനം - ചിത്രങ്ങൾ ശേഖരിക്കുന്നു ശേഖരിച്ചവക്ക് അടിക്കുറിപ്പ് നൽകുന്നു.

ചിത്രകഥ രൂപപ്പെടുത്തുന്നതിന് സഹായിക്കുന്ന ചിത്രങ്ങൾ നൽകുന്നു. അവ നിരീക്ഷിച്ച് സന്ദർഭത്തിന്

അനുയോജ്യമായ വരികൾ ഹിന്ദിയിൽ എഴുതുന്നതിന് നിർദ്ദേശിക്കുന്നു.

കാലം - നവംബർ- ഫെബ്രുവരി

**Std Vlll**

ലക്ഷ്യം- ആശയങ്ങൾ തെറ്റ് കൂടാതെ ഹിന്ദി ഭാഷയിൽ പ്രകടിപ്പിക്കുന്നതിന് കഴിയുക

പ്രവർത്തനം - ചിത്രകഥയിലെ ചിത്രങ്ങൾ കാണിക്കുന്നു. ചിത്രത്തെ അടിസ്ഥാനമാക്കി വാക്യങ്ങൾ എഴുതുന്നതിന്

നിർദ്ദേശിക്കുന്നു. വായിക്കുന്നതിന് തയ്യാറാകുന്നു.

കഥയുടെ ആദ്യഭാഗം നൽകുന്നു. കഥ പൂർണ്ണമാക്കുന്നതിനു നിർദ്ദേശം നൽകുന്നു.

കാലം ജൂൺ - ഒക്ടോബർ

ലക്ഷ്യം - വായന പ്രോത്സാഹിക്കുക, അധിക വായനക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കുന്നു.

പ്രവർത്തനങ്ങൾ -

,class room library യിൽ ഹിന്ദി പുസ്തകൾ ഉൾപ്പെടുത്തുന്നു

വായനയുടെ അടിസ്ഥാനത്തിൽ ചെറിയ കുറിപ്പ് തയ്യാറക്കുന്നു

കാലം- നവംബർ - ഫെബ്രുവരി

**Std lX**

ലക്ഷ്യം- നാമം സർവ്വനാമം

വിശേഷണം എന്നിവയുടെ പ്രയോഗ o മനസ്സിലാക്കുന്നു

പ്രവർത്തനം ഉദാഹരണങ്ങൾ നൽകുന്നു. ചെറിയ വരികൾ ഉൾപ്പെടുന്ന കുറിപ്പ് തയ്യാറാക്കി പ്രദർശിപ്പിക്കുന്നു

നാമം , സർവ്വനാമം മുതലായവ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകുന്നു

കാലം ജൂൺ- ഓഗസ്റ്റ്

ലക്ഷ്യം പോസ്റ്റർ നിർമ്മാണം

പ്രവർത്തനം വിവിധ ദിനാചരണം സന്ദേശം എന്നിവ ഉൾപ്പെടുത്തി പോസ്റ്ററുകളുടെ ഉദാഹരണം നൽകുന്നു.

നൽകുന്ന വിഷയാനുകൂലമായി കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു . ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

കാലം സെപ്റ്റംബർ - ഫെബ്രുവരി

**Std X**

ലക്ഷ്യം വിവിധ സന്ദർഭങ്ങൾക്ക് അനുയോജ്യമായ announcement തയ്യാറാക്കുന്നു.

പ്രവർത്തനം

announcement പരിചയപ്പെടുത്തുന്നു. സന്ദർഭങ്ങൾ വിശദീകരിക്കുന്നു.

announcement തയ്യാറാക്കി അവതരിപ്പിക്കുന്നു.

കാലം ജൂൺ -ഓഗസ്റ്റ്

ലക്ഷ്യം കവിത ആലാപനം

പ്രവർത്തനം വിവിധ കവിതകൾ കണ്ടെത്തി ഈണത്തോടെ ക്ലാസ്സ് റൂമിൽ അവതരിപ്പിക്കുന്നു. പദ്യം ചൊല്ലൽ മത്സരം സംഘടിപ്പിക്കുന്നു

കാലം സെപ്റ്റംബർ- നവംബർ

**ഹൈസ്കൂൾ മേഖല :ഇംഗ്ലീഷ്**

ലക്ഷ്യം:ഇംഗ്ലീഷ് ഭാഷ അനായാസം മനസിലാക്കുന്നതിനായി ചിത്രങ്ങളടങ്ങിയ ലളിതമായ പുസ്തകങ്ങൾ വായിക്കാൻ നൽകി കുട്ടികളിൽ ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.

പ്രവർത്തനങ്ങൾ :കുട്ടികളിലെ പ്രധാനപെട്ട കാര്യങ്ങൾ പദകാർഡിലൂടെ കോൺസെപ്റ്റ് മാപ്പിങ്, ഇംഗ്ലീഷ്ലൈബ്രറി നവീ കരണം , ഇംഗ്ലീഷ്അസ്സം ബ്ലി, ഇംഗ്ലീഷ്കാർട്ടൂൺ പ്രദർശനം ന്യൂസ് റീഡിംഗ് എന്നിവ നടത്തുന്നു

കാലം:അക്കാദമിക വർഷം

ചുമതല:പിടിഎ, ടീച്ചേർസ്

ചെലവ്:പിടിഎ മാനേജ്മെന്റ്

**സാമൂഹ്യ ശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26**

ലക്ഷ്യം

വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനത്തിൽ ഉന്നത നിലവാരം കൈവരിക്കുവാൻ ഉതകുന്ന മേഖലകൾ പരിപോഷിപ്പിക്കുക.

പ്രവർത്തനങ്ങൾ

പത്രവായന പ്രോത്സാഹിപ്പിക്കുന്ന ക്ലാസ് തല പ്രവർത്തനങ്ങൾ, ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, സംവാദം എന്നിവ നടത്തുക.

ദിവസവും ഉച്ചഭക്ഷണത്തിനു ശേഷമുള്ള 10 മിനിറ്റ് സമയം ക്ലാസ് തല പത്രവായന സംഘടിപ്പിക്കുക, സ്കൂൾ റേഡിയോ പ്രോഗ്രാം എന്നിവ നടത്തുക.

കാലം

അക്കാദമിക വർഷം മുഴുവനും

ചുമതല

സാമൂഹ്യശാസ്ത്ര അധ്യാപകരും സാമൂഹ്യശാസ്ത്ര ക്ലബ് അംഗങ്ങളും.

## HS Science

ലക്ഷ്യം

കൗതുകം, ജിജ്ഞാസ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക

പ്രവർത്തനങ്ങൾ

ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ സഹപാഠികൾക്കു കാണിച്ചു കൊടുക്കാൻ അവസരം നൽക Model കൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കൊണ്ട് മോഡൽ നിർമ്മിക്കുന്നു

പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം

കാലം

അകാദമിക വർഷം

ചുമതല

Science Teacher

## HS Maths

ലക്ഷ്യം

കുട്ടികൾക്ക് ഗണിതത്തോട് താല്പര്യം ഉണ്ടാക്കുന്നു, ജിയോജിബ്ര. ജ്യാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് .

പ്രവർത്തനം

ഈ ടെസ്റ്റിന് പ്രത്യേക മോഡ്യൂൾ തയ്യാറാക്കുന്നു തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വത്തിൽ പരിഹാര പ്രക്രിയ നടത്തുന്നു. ജ്യാമിതീയ പെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുക.

ചുമതല

ഗണിത അധ്യാപിക

കാലയളവ്

അക്കാദമിക വർഷം മുഴുവൻ